ചെയ്യാൻ പ്രത്യേകമായി മുഖ്യമന്ത്രിയും അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഞാൻതന്നെ നോട്ട് എഴുതിക്കൊടുക്കുകയാണ്. അങ്ങനെയൊരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽ ഒരു ചെയർമാനും അതുപോലെതന്നെ കരുത്തനായ ഒരു എം.ഡി.യേയും അപ്പോയിന്റ് ചെയ്യാൻ വേണ്ടി തീരുമാനം എടുത്തിട്ടുണ്ട്. മന്ത്രിസഭാ യോഗത്തിലോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ മുറയ്ക്ക് ഉത്തരവിറക്കും. കിട്ടാവുന്നിടത്തുനിന്നും തോട്ടണ്ടി വാങ്ങി ഫാക്ടറികൾ വേഗം തുറപ്പിക്കാൻ വേണ്ട നടപടികൾ ശീഘ്രഗതിയിൽ മുന്നോട്ടു പോകുകയാണ്. ഫണ്ട് കുറച്ചധികം ആവശ്യമുണ്ട്, അത് കൊടുക്കാമെന്നതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഞങ്ങൾ ഇക്കാര്യം ആലോചിച്ച് ഉടനെതന്നെ തീരുമാനമെടുക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 12.30-നുതന്നെ ധനവിനിയോഗ ബില്ല് എടുത്തേ മതിയാകുകയുള്ളൂ എന്നത് എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. 6 സബ്മിഷനുകൾ മാത്രമേ കഴിഞ്ഞിട്ടുള്ളൂ, ഇനിയും 17 എണ്ണം ബാക്കിയുണ്ട്. വളരെ ചുരുക്കി അവതരിപ്പിക്കണം.

(8) ഭാരതപ്പുഴ നദീതട വികസന അതോറിറ്റി

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, അനേകം പോഷകനദികളുള്ള കേരളത്തിലെ ഏറ്റവും വലിയ നദിയാണ് ഭാരതപ്പുഴ. ഭാരതപ്പുഴ ഇന്ന് മാലിന്യംകൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പേരാറ് ആകുലമായ ഒരു അഴുക്കുചാലായി മാറിപ്പോയെന്ന് ഇടശ്ശേരി ഗോവിന്ദൻ നായർ പാടിയത് ഭാരതപ്പുഴയെക്കുറിച്ചാണ്. നമ്മുടെ സംസ്കാരത്തിന്റെ, സാഹിത്യത്തിന്റെ, കലയുടെ, സംഗീതത്തിന്റെ, സുകുമാരകലകളുടെ എല്ലാം പ്രഭവകേന്ദ്രം കൂടിയാണ് ഭാരതപ്പുഴയുടെ തീരം. സാഹിത്യ നായകന്മാരും, കലാകാരൻമാരും ഇത്രമാത്രം ജന്മംകൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശം കേരളത്തിൽ വേറെയില്ല. ഭാരതപ്പുഴയേയും അതിന്റെ പോഷകനദികളേയും സംരക്ഷിക്കുന്നതിനു വേണ്ടി ഒരു ഭാരതപ്പുഴ നദീതട അതോറിറ്റി രൂപവൽക്കരിക്കണമെന്ന് അനേകം തവണ ഈ നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടതാണ്. ഇപ്പോൾത്തന്നെ ഭാരതപ്പുഴ ഭാരതക്കാടാണെന്നു പറഞ്ഞു കഴിഞ്ഞു. ഭാരതപ്പുഴയെ രക്ഷിക്കാൻ ഭാരതപ്പുഴയേയും അതിന്റെ പോഷകനദികളുടേയും നദീതടങ്ങളെ ഉൾപ്പെടുത്തി ഒരു അതോറിറ്റി രൂപവൽക്കരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഭാരതപ്പുഴ നേരിടുന്ന ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നമാണ് മണൽ ഖനനം. മണൽ ലഭ്യതയിൽ വരുന്ന കുറവ് നദിയുടെ സ്ഥായിയായ നീരൊഴുക്കിനെ ബാധിക്കും. കൂടാതെ നഗരവൽക്കരണം, നദീതടത്തിലെ ആവാസ വ്യവസ്ഥയിലും ഭൂവിനിയോഗത്തിലും വന്ന മാറ്റം, കാർഷികാവശ്യത്തിനായി രാസവളം, രാസ കീടനാശിനി എന്നിവയുടെ ഉപയോഗം എന്നിവ ഭാരതപ്പുഴയിലെ ജലത്തിലെ മാലിന്യത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതായി CWRDM പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിൽ രൂപപ്പെടുന്ന വരൾച്ചയ്ക്ക് പരിഹാരമായി സുസ്ഥിരവും സ്ഥായിയുമായ ഒരു ജലവിഭവ മാനേജ്മെന്റ് ഇന്ന് കേരളത്തിന് ആവശ്യമാണ്. ഇതിന്റെ ഭാഗമായി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003 ഭേദഗതിയിലൂടെനദീതട/തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ, 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 184 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സംസ്ഥാനത്തിന്റെ ജലവിഭവ സംരക്ഷണത്തിനായി വികേന്ദ്രീകൃതമായ ചുവടെപ്പറയുന്ന സ്ഥാപനങ്ങളെയാണ് വിഭാവന ചെയ്തിട്ടുള്ളത്. സംസ്ഥാന നദീതട/തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ, തണ്ണീർത്തട വികസന ബോർഡുകൾ എന്നിവ മേൽസൂചിപ്പിച്ച മൂന്ന് തലങ്ങളിലുള്ള ജന പ്രതിനിധികൾ, ഉദ്യോസ്ഥന്മാർ എന്നിവർക്ക് പുറമെ ജലവിഭവ പാരിസ്ഥിതിക മേഖലകളിൽ വൈദഗ്ധ്യമുള്ളവരെയും സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്താനുള്ള നിർദ്ദേശവും പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ജലവിഭവ സംരക്ഷണത്തിനുള്ള വിപുലമായ അധികാരവും സംസ്ഥാന ജല അതോറിറ്റിക്കും ബോർഡുകൾക്കുമുണ്ട്. നദികൾക്ക് പുറമെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനാണ് ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം, നദീതടങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനുള്ള കൃാച്മെന്റ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ, ജല മലിനീകരണം തടയുക, നദീതട ബോർഡുകളുടെ ഭാഗത്തുവരുന്ന ജല സംബന്ധിയായ തർക്കങ്ങൾ പരിഹരിക്കുക, നദികളിലെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക എന്നിവയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയ്ക്കുവേണ്ടി നദീതട വികസന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly